# മററുള്ളവർ നെല്ലുണക്കുമ്പോൾ കുരങ്ങൻ വാലുണക്കുന്നു

**കൗമുദി ന്യൂസ് സർവീസ്:** മലയാളത്തിലെ ആധുനിക കവിത, നമ്മുടെ സംവേദനതലത്തിൽ സൃഷ്ടിച്ചിട്ടുള്ളത് വികാസമാണോ സങ്കോചമാണോ? രണ്ടായാലും അതിന്റെ പ്രസക്തി എന്ത്?

**ഡോ: കെ. ഭാസ്കരൻനായർ:** സങ്കോചമാണ്, സംശയമില്ല. സംവേദനം സാദ്ധ്യമാകാതെ വരുന്നത്—മനസ്സിലാകാത്തത്—സങ്കോചത്തിന്റെ ലക്ഷണമാണെന്ന് ഞാൻ കരുതുന്നു. സംവേദനശക്തിയെ വികസിപ്പിക്കുവാൻ അക്ഷരവിദ്യയ്ക്കു കഴിവില്ല. അതിന് സുപരീക്ഷിതമായ മറ്റു മാർഗ്ഗങ്ങളുണ്ട്. അവയെ ആശ്രയിക്കണം. എന്റെ അഭിപ്രായത്തിൽ മലയാളത്തിലെ 'ആധുനിക' കവിതയ്ക്ക് സാഹിത്യപരമോ, സാംസ്കാരികമോ, സംവേദനാത്മകമോ ആയ ഒരു പ്രസക്തിയുമില്ല. 'മററുള്ളവർ നെല്ലുണക്കുമ്പോൾ കുരങ്ങ് വാലുണക്കുന്നു' എന്നു പറയുന്നതുപോലെയുള്ള പാഴ്‌വേലയാണത്.

**ചോദ്യം:** ജീവിച്ചിരിക്കുന്ന നമ്മുടെ 'പഴയ' കവികളും 'പുതിയ' കവികളും തമ്മിലുള്ള വ്യത്യാസമെന്ത്? അത് കാലബന്ധി മാത്രമാണോ?

**ഉത്തരം:** 'പഴയ' കവികൾ സഹൃദയരായ വായനക്കാരന്, തങ്ങൾ എഴുതുന്നതു മനസ്സിലാകണമെന്നും, രസിക്കണമെന്നും, തങ്ങൾക്കുണ്ടായ കാവ്യാനുഭൂതി കൈവരണമെന്നും ഉള്ള ഉദ്ദേശ്യത്തോടെ എഴുതുന്നു. ആധുനികന്മാരെന്ന ഘോഷിക്കുന്നവർക്ക് അങ്ങനെയുള്ള ഉദ്ദേശ്യമൊന്നും ഉള്ളതായി തോന്നുന്നില്ല. വായനക്കാരെന്ന ഭാഗ്യദോഷികളെ പുല്ലുവിലയ്ക്കു കരുതിക്കൊണ്ടല്ലേ അവർ കാവ്യരചന നടത്തുന്നതെന്ന സംശയിച്ചുപോകുന്നു. ഇത് വെറും കാലബന്ധിയായ ഒരു വ്യത്യാസമല്ല. കലയുടെ കാതലായ കർത്തവ്യത്തിന്റെ ധ്വംസനമാണ്.

**ചോദ്യം:** മലയാളത്തിൽ പിറന്നുവെന്ന പറയുന്ന ആധുനികോത്തരകവിതയ്ക്ക്, പുതു പ്രസ്ഥാനത്തിന്റെ പ്രവാചകരും പ്രചാരകരും വക്താക്കളുമാകാനുള്ള ചില കവികളുടെ മോഹത്തിനപ്പുറം പ്രസക്തിയുണ്ടോ?

**ഉത്തരം:** ആധുനികം, അത്യാധുനികം, അത്യന്താധുനികം, ആധുനികോത്തരം എന്നൊക്കെയുള്ള ഈ പ്രയോഗങ്ങൾ ഒരു കഴമ്പും ഉള്ളവയല്ല. പണ്ട് കേസരി ബാലകൃഷ്ണപിള്ള മലയാള സാഹിത്യ

**മലയാള കവിതയെപ്പററിയുള്ള ചർച്ചയിൽ ഇത്തവണ ഡോ: കെ. ഭാസ്കരൻ നായരാണ് കൗമുദി ന്യൂസ് സർവീസിന്റെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നത്.**

**കവിതയിലെ 'ആധുനിക' പ്രസ്ഥാനം ഒരു ഇറക്കുമതിയാണെന്നും, വാലും തലയുമില്ലാത്ത, എഴുതുന്നവർക്കുപോലും മനസ്സിലാകാത്ത ഈ പുത്തൻ സാഹിത്യം ഒരു ഫാഷൻ മാത്രമാണെന്നും അദ്ദേഹം വാദിക്കുന്നു.**

ത്തിൽ പ്രസ്ഥാനങ്ങളും ഉപപ്രസ്ഥാനങ്ങളും അവയുടെ അവാന്തരവിഭാഗങ്ങളും വകതിരിച്ച്, ഓരോന്നിലും മലയാളത്തിലെ മന്ദർബന്ത് എന്നും മയാക്കോവ്സ്കിയെന്നും പേരുകൊടുത്തു മഹാകവികളെ സൃഷ്ടിച്ച കഥയാണ് ഇതു കാണുമ്പോൾ ഓർമ്മിച്ചുപോകുന്നത്. മേന്മയില്ലാത്ത സാധനങ്ങൾ വിററഴിക്കുവാൻ അവയ്ക്ക് പുതിയ പേരുകൾ കൊടുക്കുന്ന വ്യവസായയുഗത്തിലെ വാണിജ്യതന്ത്രത്തിന്റെ അനുകരണമാണിത്. ഈ ലോകത്തിൽ പുതിയതെന്നും പഴയതെന്നും ഉള്ള നിർവ്വചനത്തിന് വിധേയമാകാതെ നിത്യനൂതനമായി നിൽക്കുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ അത് കവിതയാണ്. വാക്കുകൾക്ക് ചിറക് നൽകി വായനക്കാരനെ തേജോമയമായ ഒരു അനുഭൂതി മണ്ഡലത്തിലേക്ക് ഉയർത്തിക്കൊണ്ടുപോകുവാനുള്ള കഴിവാണ് കവിത്വം. ആ കഴിവ് വാല്മീകിയിലും കാണാം, വള്ളത്തോളിലും കാണാം. പണ്ട് ജീവിച്ചു എന്നതുകൊണ്ട് ഇക്കാര്യത്തിൽ വാല്മീകിക്ക് ഒരു കുറവും വന്നില്ല. ഇരുപതാം നൂററാണ്ടിൽ ജീവിച്ചതുകൊണ്ട് വള്ളത്തോളിന് സവിശേഷമായ മേന്മയും ലഭിക്കുന്നില്ല.

**ചോദ്യം:** മലയാളകവിതയിൽ കഴിഞ്ഞ കുറെക്കാലമായി വലിയ വികാസമൊന്നും ഉണ്ടായിട്ടില്ലെന്ന എൻ. വി. കൃഷ്ണവാരിയരുടെ അഭിപ്രായത്തോട് (കലാകൗമുദി—ലക്കം 239) താങ്കൾ യോജിക്കുന്നുണ്ടോ? കവിതയുടെ [illegible] വെന്ന തന്റെ പഴയവാദം മറെറാരു രൂപത്തിൽ വാരിയർ ആവർത്തിക്കുകതന്നെയല്ലേ?

**ഉത്തരം:** കൃഷ്ണവാരിയർ ഇടയ്ക്കിടയ്ക്ക് അങ്ങനെ ചില പൊടിക്കൈകൾ പ്രയോഗിക്കാറുണ്ട്. മററുള്ളവർ അതിൽ കടന്നുപിടിച്ച് ബഹളം കൂട്ടുന്നതു കണ്ട് അദ്ദേഹം ചിരിക്കുന്നുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. എന്തായാലും കവിതയിലെ വികാസം എന്താണെന്ന വിശദീകരിച്ചാൽ മാത്രമേ ഈ പ്രസ്താവനയെപ്പററി എന്തെങ്കിലും പറയുവാൻ സാധിക്കുകയുള്ളൂ. വൈദ്യുതി ഉൽപാദനത്തിലും ജലസേചനത്തിലും കൃഷിയിലും വ്യവസായത്തിലും കാണുന്നതുപോലെയുള്ള വികസനത്തിന് വിധേയമാക്കാവുന്ന ഒരു വസ്തുവാണോ കവിത എന്നും സംശയിക്കേണ്ടിയിരിക്കുന്നു. വിദ്യയുടെ, വിജ്ഞാനത്തിന്റെ വികാസം എന്നു പറയുന്നതുപോലെ തന്നെയും കവിതയുടെ വികാസം എന്നു പറയുവാൻ സാധിക്കുമോ? പാണ്ഡിത്യവും സാഹിത്യവും മററും വികസിപ്പിക്കാം. പക്ഷേ, കവിതയെ വികസിപ്പിക്കുന്നതെങ്ങനെ?

**ചോദ്യം:** മലയാളഭാഷയുടെ ഊർജ്ജസ്വലതയും സ്വകീയ സൗന്ദര്യവും കാണാതെ ആധുനികകവികൾ ഒത്തിരി സംസ്കൃതപക്ഷപാതികളായി മാറുകയല്ലേ ഉണ്ടായത്?

**ഉത്തരം:** ഭാഷയുടെ ആത്മാവു കാണാത്തവർ ഒരിക്കലും കവിയാവുകയില്ല. രണ്ടുരണ്ടായിരം വർഷത്തെ ഗാഢപരിചയത്തിന്റെ ഫലമായി സാഹിത്യവിദ്യയിലെങ്കിലും ഭാരതീയർക്ക് സംസ്കൃതം ഒരു അന്യഭാഷയല്ലാതായിരിക്കുന്നു. അതിന്റെ "ഊർജ്ജസ്വലതയും സ്വകീയ സൗന്ദര്യവും" ഈ രാജ്യത്തെ എല്ലാ ഭാഷകളിലും—തമിഴിൽപ്പോലും—ലയിച്ചുചേർന്നിട്ടുണ്ട്. ഈ സങ്കലനം മലയാളത്തിൽ വളരെ അധികമുണ്ടെന്നും പറയണം. മഹാകവി കുമാരനാശാൻ "നീഹാരശീകരമനോഹരമന്യഹാരം" എന്ന അത്ഭുതനിഷ്യന്ദിയായ വരി എഴുതിയപ്പോൾ അത് മലയാളമല്ല, സംസ്കൃതമാണ് എന്ന് ആരും ആക്ഷേപിച്ചില്ല. അതുകൊണ്ട് സംസ്കൃതപക്ഷപാതം എന്ന ആരോപണം വളരെ സൂക്ഷിച്ചു ചെയ്യേണ്ടിയിരിക്കുന്നു. "അനുപർവ്വത



Digitized by Kerala Sahitya Akademi

'നിസ്തംഭത്തിൽ ലംബമാനമായ അംബുജ ബിംബാബിംബം'' എന്നെഴുതിയാൽ ഇന്നുള്ളവർ നെറ്റി ചുളിക്കും. അവിടെ സംസ്കൃത പക്ഷപാതവും ആരോപിക്കാം. അങ്ങനെയൊന്നും ഈ ആധുനിക ജാരാതം എഴുതുന്നതായി കാണുന്നില്ല.

ചോദ്യം: ആധുനികകവിതയുടെതന്നെ, ഇന്ന് ആധുനികോത്തരത്തിന്റെയും, വക്താക്കളായ ചില കവികൾ അനേകം അന്യദേശകവിതകൾ മലയാളത്തിൽ വിവർത്തനം ചെയ്തിട്ടുണ്ട്. മറുനാടുകളിലെ കവിതകളെ പരിചയപ്പെടുത്തുന്നതിലുപരി, നമ്മുടെ കാവ്യശൈലിയിലും കാവ്യബോധത്തിലും കാവ്യസംസ്കാരത്തിലും ഏതുതരത്തിലുള്ള ചലനമാണ് ഈ വിവർത്തനങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്?

ഉത്തരം: കവിതയുടെ കാര്യത്തിലെങ്കിലും വിവർത്തനം വ്യർത്ഥമാണ് എന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതുകൊണ്ട് അന്യദേശങ്ങളിലെയും ഭാഷകളിലെയും കവിതകൾ മലയാളത്തിൽ വിവർത്തനം ചെയ്തതുകൊണ്ട് നമ്മുടെ കാവ്യബോധത്തിനും കാവ്യശൈലിക്കും എന്തെങ്കിലും പ്രയോജനം ഉണ്ടായി എന്നോ ഉണ്ടാകുമെന്നോ ഞാൻ വിശ്വസിക്കുന്നില്ല. സത്യത്തിൽ കവിതയിലെ ഈ 'ആധുനിക പ്രസ്ഥാനം' തന്നെ ഒരു തരം വിവർത്തനമാണെന്ന് പറയാവുന്നതാണ്. അത് ഈ രാജ്യത്തുള്ള ആരുടെയും പ്രതിഭയിൽ വിളഞ്ഞതല്ല. അമേരിക്കയിലും യൂറോപ്പിലും ഇങ്ങനെ ഒരു കാര്യം നടക്കുന്നു എന്നു കേട്ട് അതിനെ നമ്മുടെ ഭാഷയിലേക്ക് ഇറക്കുമതി ചെയ്യുകയാണ് ഉണ്ടായത്. ''ഫോറിൻ'' സാധനങ്ങളെല്ലാം ഗുണമേന്മയുള്ളവയാണെന്ന വൻകിടരാജ്യങ്ങളിലെ പൊതുധാരണകൊണ്ടാവാം, അതിനിവിടെ ആരാധകന്മാരുണ്ടായി. വാലും തലയുമില്ലാത്ത, എഴുതുന്നവർക്കു പോലും മനസ്സിലാകാത്ത ഈ പുത്തൻ സാഹിത്യം അച്ചടിച്ചുവിട്ട് വായനക്കാരെ വിഷമിപ്പിക്കുന്ന പത്രാധിപന്മാരും പ്രസാധകന്മാരും അതൊരു ഫാഷൻ എന്ന മാത്രമേ കരുതുന്നുള്ളു എന്ന നിശ്ചയമാണ്. കേരളം അമേരിക്കയാവുകയും മലയാളം ഇംഗ്ലീഷാവുകയും ചെയ്യുന്ന കാലത്തു മാത്രമേ അതിവിടെ വളരുകയുള്ളു.

ചോദ്യം: സ്വന്തം കവിത, സദസ്സുകളിൽചൊല്ലി പ്രചരിപ്പിക്കുന്ന കവികൾ, കവിതയുടെ ജനകീയവല്ക്കരണത്തെയാണോ ലക്ഷ്യംവയ്ക്കുന്നത്? എഴുതുന്നതിനപ്പുറമെ, ചൊല്ലാനും പാടാനുമുള്ള കവിയുടെ കഴിവിന്റെ ഈ പെർഫോമൻസിനോട് ജനങ്ങൾക്കു തോന്നുന്ന പ്രിയം കവിതയുടേതുതന്നെയാണോ?

ഉത്തരം: കവിത ചൊല്ലാനുള്ളതും ചൊല്ലിക്കേൾക്കാനുള്ളതും ആണെന്ന വസ്തുത നാം മറക്കരുത്. അത് രചിക്കുന്നവർ തന്നെ ചൊല്ലണമോ മറ്റുള്ളവരെക്കൊണ്ട് ചൊല്ലിക്കണമോ എന്നത് സൗകര്യത്തിന്റെ കാര്യമാണ്. ഉള്ളൂരും വള്ളത്തോളും അവരുടെ കവിതകൾ സ്വയം ചൊല്ലി പ്രചരിപ്പിക്കുവാൻ ശ്രമിച്ചെങ്കിൽ ഉണ്ടാകുമായിരുന്ന അനർഥം ഓർത്തുനോക്കുക! (ആശാന്റെ ശബ്ദം ഞാൻ കേട്ടിട്ടില്ല. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ കാര്യം പറയാതിരുന്നത്) വാല്മീകിയും ഹോമറും എല്ലാം ആയുഷ്കാലം മുഴുവനും ഇങ്ങനെ ''കവിത ചൊല്ലി'' നടന്നവരാണ്. സംസ്കാരത്തിന്റെ പ്രാതഃസന്ധ്യയിൽ അവരാണ് മനുഷ്യന്റെ ശബ്ദത്തിന്, വാക്കുകൾക്ക്, ഭാഷയ്ക്ക്, സംഗീതത്തെപ്പോലെ ശ്രേഷ്ഠമായ, അതിനെക്കാൾ സ്ഥായിയായ, രസാനുഭൂതി ജനിപ്പിക്കുവാൻ കഴിയുമെന്ന് ലോകത്തെ ബോധ്യപ്പെടുത്തിയത്. അതുകൊണ്ട്, അന്യഥാ വിരൂപവും, അരോചകവും വിരസവും വിഷാദപൂർണ്ണവുമായ ഈ ലോകം അല്പമെങ്കിലും സഹിക്കത്തക്കതായി നിലനില്ക്കുന്നു.

ഇദമന്ധം തമഃകൃത്സ്നം
ജായേത ഭുവനത്രയം
യദി ശബ്ദാഹ്വയം ജ്യോതി–
രാസംസാരം ന ദീപ്യതേ.

**അടുത്തലക്കത്തിൽ:** പ്രസിദ്ധനിരൂപകനായ എം. കൃഷ്ണൻനായർ അടുത്ത ലക്കത്തിൽ കൗമുദി ന്യൂസ് സർവീസിന്റെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു.

## ഭരണപക്ഷത്തെ തന്ത്രശൂന്യത

(23–ാം പേജിൽനിന്ന് തുടർച്ച)

ചാക്കിയപ്പോഴേക്കും നിയമസഭാ സമ്മേളനം അവസാനിച്ചു. അംഗസംഖ്യാബലം കൊണ്ട് നിയമങ്ങൾ പാസ്സാക്കുവാൻ കഴിയുന്നതും ഗവണ്മെന്റിന്റെ വിശ്വസനീയത നശിപ്പിക്കുന്ന രാഷ്ട്രീയ പ്രചാരണങ്ങളെ യഥാവസരം പൊളിച്ചുകാണിക്കുന്നതും രണ്ടു വ്യത്യസ്ത തന്ത്രങ്ങളാണല്ലോ. രണ്ടാമത്തെ തന്ത്രം എങ്ങനെ ഫലപ്രദമായി നിയമസഭാതലത്തിൽ പ്രയോഗിക്കാമെന്ന് വ്യക്തമാക്കാൻ ഭരണകക്ഷിക്കാർ ഇത്തവണ പരാജയപ്പെട്ടുവെന്നതാണ് ബജറ്റ് സമ്മേളനത്തിന്റെ ഒരു പ്രത്യേകത.

ബജറ്റിനെക്കുറിച്ചുള്ള ചർച്ചയിലും ഭരണപക്ഷത്തെ ഘടകകക്ഷികൾ ഒരു സംയോജിത സമീപനമല്ല സ്വീകരിച്ചിരുന്നതെന്ന് തെളിയിക്കുന്ന ഒട്ടേറെ സന്ദർഭങ്ങളുണ്ടായിരുന്നു. ഭരണപക്ഷത്തെ ചില ഘടകകക്ഷികളിലെ മന്ത്രിമാർ കൈകാര്യം ചെയ്യുന്ന വകുപ്പുകളെ ബജറ്റിൽ അവഗണിച്ചിരിക്കുന്നുവെന്ന് ആരോപിച്ചുകൊണ്ടുള്ള പ്രതിപക്ഷത്തിന്റെ ഭിന്നിപ്പിക്കൽ തന്ത്രവും ഭരണപക്ഷക്കാർ ശക്തിയായി നേരിട്ടിരുന്നില്ല. വിലക്കയറ്റം തടയുവാൻ കഴിയാത്തത് കേന്ദ്രഗവണ്മെന്റിന്റെ അലംഭാവവും കുത്തകപ്രീണനനയങ്ങളും മൂലമാണെന്ന് വാദിക്കുന്നതിൽ മാത്രമാണ് ഭരണപക്ഷത്ത് ശക്തിയായ ഐക്യം ദൃശ്യമായത്. ഓരോ ഘടകകക്ഷിക്കും എതിരെ പ്രതിപക്ഷം നടത്തിയ രാഷ്ട്രീയ പരാമർശങ്ങൾക്ക് കനിക്കകൊള്ളുന്ന മറുപടി നൽകുന്നതിലും ഭരണപക്ഷത്തെ ഘടകകക്ഷികൾ ഒറ്റയ്ക്കൊറ്റയ്ക്കാണ് പ്രവർത്തിച്ചിരുന്നത്. ബജറ്റിനെതിരെ കാതലുള്ള ആക്ഷേപങ്ങളായി പ്രതിപക്ഷത്തിന് കാര്യമായി ഒന്നും എടുത്തുകാണിക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നതും അവർക്കൊരു അനുഗ്രഹമായി.

വിവാദവിഷയമായ ആറ്–സി റദ്ദാക്കുന്ന ബില്ലിനെപ്പറ്റിയുള്ള ചർച്ച അതിനെപ്പറ്റി തിരഞ്ഞെടുപ്പുകാലത്തു നടന്നതുപോലെ ശക്തമായൊരു അഭിപ്രായസംഘട്ടനം കാഴ്ചവച്ചില്ല. ആറ്–സി എന്തുകൊണ്ടും ആവശ്യമാണെന്ന് സ്ഥിതിവിവരക്കണക്കുകൾകൊണ്ട് ന്യായീകരിക്കുന്നതിൽ പ്രതിപക്ഷവും, എന്തുകൊണ്ട് അത് ഉപദ്രവകരമാണെന്ന് വിശദാംശങ്ങൾ നിരത്തി തെളിയിക്കുന്നതിൽ ഭരണപക്ഷവും ഒരുപോലെ പരാജയപ്പെട്ടു. 1964–നു ശേഷം നാലേക്കറിൽ കുറവായ ഭൂമി കൈവശമുണ്ടായിരുന്നവർ അതിന്റെ മൊത്തവിലയുടെ പകുതിയിലേറെ വിലവരുന്ന അഭിവൃദ്ധി പ്രവർത്തനങ്ങൾ കൈവശഭൂമിയിൽ നടത്തിയിട്ടുണ്ടെങ്കിൽ മാത്രമേ അവർക്ക് ഉടമസ്ഥാവകാശം നൽകേണ്ടതുള്ളു എന്ന വ്യവസ്ഥ ആറ്–സിയുടെ ന്യായീകരണമായി പ്രതിപക്ഷക്കാർ എടുത്തുകാണിച്ചു. ഒരു സെന്റ് ഭൂമിക്ക് ശരാശരി ആയിരത്തിയഞ്ഞൂറു രൂപവരെ വിലയുള്ള തീരപ്രദേശത്തും ഇടനാടുകളിലും, ആറുലക്ഷംരൂപ വിലവരുന്ന നാലേക്കർ ഭൂമിയിൽ 3 ലക്ഷം രൂപയുടെ അഭിവൃദ്ധി പ്രവർത്തനങ്ങൾ, ജീവിതച്ചെലവുകൾക്കു പുറമെ, പട്ടിണി വർഷങ്ങളിൽ നടത്തിയിട്ടുള്ളവർ എങ്ങനെ പാവപ്പെട്ടവരാകുമെന്ന് ഭരണപക്ഷത്തുനിന്നും ആരും ചോദിച്ചുകേട്ടില്ല. ദേശീയ–രാഷ്ട്രീയ പശ്ചാത്തലത്തിൽ പ്രതിപക്ഷനിരകളിൽ ഇപ്പോൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുള്ള വിള്ളലുകൾ അടുത്ത നിയമസഭാസമ്മേളനാവസരത്തിൽ എന്തെങ്കിലും രൂപഭേദം കൈക്കൊള്ളുമോയെന്ന് ഇപ്പോൾ വ്യക്തമല്ല. ആർ എസ്. എസ്സിനും ഏകാധിപത്യ ശക്തികൾക്കും എതിരെയുള്ള ജനതയിലെ സോഷ്യലിസ്റ്റ് വിഭാഗത്തിന്റെ വ്യക്തമായ ചേരിതിരിവ്, കേരളത്തിലെ ജനതാപാർട്ടിയെ ഇന്ദിരാകോൺഗ്രസ്സിൽനിന്നും അകലുവാൻ സ്വാഭാവികമായും പ്രേരിപ്പിക്കും. നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് അത്തരമൊരു രാഷ്ട്രീയ പുനരേകീകരണത്തിന്റെ നാഴികക്കല്ലായി മാറുമോ? ബജറ്റ് സമ്മേളനവേളയിൽ മുസ്ലിംലീഗിന്റെ രണ്ടു ഘടകങ്ങളും തമ്മിൽ സൗഹാർദ്ദം പുലർന്നത് വ്യക്തമായും ദൃശ്യമായിരുന്നു. ഒരു ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുമെന്ന മുസ്ലിം ലീഗിന്റെ പ്രഖ്യാപനം ബജറ്റ് സമ്മേളനത്തിൽ അത്ര വ്യക്തമായി തെളിഞ്ഞുകണ്ടില്ലെങ്കിലും, ആ നയത്തിന്റെ മറ്റൊരു രൂപാന്തരമാണോ ലീഗ് ഘടകങ്ങൾ തമ്മിലുള്ള ഈ പുതിയ സൗഹാർദ്ദവും അതിനോടനുബന്ധിച്ചുള്ള അനുരഞ്ജന സംഭാഷണപാതകളും ഉൾക്കൊള്ളുന്നതെന്ന് ഇനിയും വ്യക്തമായിട്ടില്ല.

Digitized by Kerala Sahitya Akademi